## റൂൾ 113 അനുസരിച്ചുള്ള റിപ്പോർട്ട്

മി. സ്പീക്കർ : 2013-ലെ കേരള മുൻസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച് തിരുവനന്തപുരം സിറ്റിസൺ പ്രൊട്ടക്ഷൻ ഫോറം പ്രസിഡന്റ് ശ്രീ. എം. കൃഷ്ണൻ നായർ നിയമസഭയിൽ സമർപ്പിച്ച ഹർജിയെ സംബന്ധിച്ച് നിയമസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്യുന്നതാണ്.

നിയമസഭാ സെക്രട്ടറി (ശ്രീ. പി.ഡി. ശാരംഗധരൻ) : സർ, നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി 2013 ഏപ്രിൽ ഒന്നാം തീയതി സഭയിൽ അവതരിപ്പിച്ച 2013-ലെ കേരള മുൻസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച ഒരു ഹർജി ലഭിച്ചിട്ടുള്ള വിവരം കേരള നിയമസഭ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ചുള്ള ചട്ടങ്ങളിലെ 113-ാം ചട്ട പ്രകാരം ഞാൻ റിപ്പോർട്ട് ചെയ്യുന്നു.

## ശ്രദ്ധക്ഷണിക്കൽ

### (1) വിനോദ സഞ്ചാര വികസനം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: വയനാട് ജില്ലയിലെ വിനോദ സഞ്ചാര മേഖലയിലെ അനന്തസാധ്യതകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

സംസ്ഥാനത്തിന്റെ തനത് സംസ്കാരവും അനുയോജ്യമായ ഭൂപ്രകൃതിയും ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് അനുയോജ്യമായ ഘടകങ്ങളാണ്. കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ ടൂറിസത്തിനുള്ള സംഭാ

വന 9 ശതമാനാണ്. ടൂറിസത്തിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വിദേശനാണ്യവരുമാനത്തിൽ 33.09 ശതമാനം വളർച്ചയാണ് ഉണ്ടായതെന്ന് സാമ്പത്തിക അവലോകനരേഖയിൽ പറയുന്നു. 4548 കോടി രൂപയാണ് വിദേശനാണ്യമായി സംസ്ഥാനത്തിന് ഈ മേഖലയിൽ നിന്നും ലഭിച്ചത്. 2012–ൽ സംസ്ഥാനത്തെ ടൂറിസത്തിൽ നിന്നുള്ള ആകെ വരുമാനം 21.125 കോടി രൂപയാണ്. 2011–ൽ 7.2 ലക്ഷം വിദേശീയരും 93 ലക്ഷം സ്വദേശി വിനോദസഞ്ചാരികളും കേരളം സന്ദർശിച്ചെങ്കിൽ 2012–ൽ 7.9 ലക്ഷവും 1 കോടിയുമായി ഉയർന്നു. എന്നാൽ 2012–ൽ വയനാട് സന്ദർശിച്ച വിദേശീയരായ വിനോദസഞ്ചാരികൾ 7567 –ഉം സ്വദേശീയരായവർ 4,51,184 മാണ്. ഇത് സംസ്ഥാനം സന്ദർശിച്ച ടൂറിസറ്റുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണെന്ന് കാണാൻ സാധിക്കും. പ്രധാനമായും മൂന്നു പ്രദേശങ്ങളായ കൊച്ചി, ആലപ്പുഴ, ഇടുക്കി, അതുപോലെ തിരുവനന്തപുരവും കേന്ദ്രീകരിച്ചിട്ടാണ് കേരളത്തിൽ ടൂറിസം ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെ പ്രധാന കാരണം ജില്ലയിലെ ടൂറിസം സാധ്യതകൾ യഥാവിധം കണ്ടെത്തുന്നതിനോ പരിപോഷിപ്പിക്കുന്നതിനോ നമുക്ക് സാധിച്ചിട്ടില്ല. ടൂറിസം വകുപ്പിന്റെതന്നെ മാർക്കറ്റിംഗ് ക്യാമ്പയിൻ പരിശോധിച്ചുകഴിഞ്ഞാൽ...... കുറെ പരസ്യം ഞാൻ നോക്കിയപ്പോൾ ഒരു ഡെസ്റ്റിനേഷൻ പ്രൊമോഷനോ ന്യൂമാറ്റിക് പ്രൊമോഷനോ കാണുന്നില്ല. മറിച്ച് വളരെ ജനറലായിട്ടുള്ള ചില കാര്യങ്ങൾ കൂടുതൽ സോഴ്സും ഈ ബാക്ക് വാട്ടേഴ്സും അതുപോലെ ആതിരപ്പള്ളി അല്ലെങ്കിൽ മൂന്നാർ........ നോർത്തേൺ കേരളത്തെ പൂർണ്ണമായും അവോയ്ഡ് ചെയ്തുകൊണ്ടുള്ള പരസ്യ ക്യാമ്പയിനുകളാണ് വന്നുകൊണ്ടരിക്കുന്നത്.

ദേശീയ അഡ്വഞ്ചർ ടൂറിസം സർക്ക്യൂട്ടിൽ അഡ്വഞ്ചർ സ്പോർട്സായ റാഫ്റ്റിംഗ്, റോക്ക് ക്ലൈമ്പിംഗ്, പാരാഗ്ലൈഡിംഗ് തുടങ്ങിയവ വയനാട് ജില്ലയിൽ ഉൾപ്പെടുത്തി ഇതിൽ നിക്ഷേപം നമുക്ക് പ്രൈവറ്റ് മേഖലയിൽ നിന്ന് ക്ഷണിക്കാവുന്നതാണ്. ഇതിന്റെ സാധ്യതയെന്തെന്നാൽ സമീപ പട്ടണ ങ്ങളായ ബാംഗ്ലൂരിലും മൈസൂറിലും ധാരാളം കോർപ്പറേറ്ററുകളുണ്ട്. അവ രുടെ സഹകരണത്തോടുകൂടി ഈ മേഖലയെ പരിപോഷിപ്പിക്കാവുന്നതാണ്. ജില്ലയ്ക്ക് ഏറ്റവും അനുയോജ്യമായ ഹോംസ്റ്റേ പദ്ധതി വികസിപ്പിച്ചെടുക്കു ന്നതിന് ഉദാരമായ സമീപനം സ്വീകരിക്കണം. അതുപോലെ ലോകത്തിലെ 8 ബയോഡൈവേഴ്സിറ്റി ഹോട്ട് സ്പോട്ടിൽ ഉൾപ്പെട്ട പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട പദ്ധതികളിൽ വയനാട് ജില്ലയെ ഉൾപ്പെടുത്താനുള്ള നടപടികളു ണ്ടാകണം. വിനോദസഞ്ചാരം, ആയൂർവേദം എന്നിവ സംയോജിപ്പിച്ച് നടപ്പാ ക്കുന്ന പരിപാടികളിലും വയനാടിന് പങ്കാളിത്തമുണ്ടാകണം. കൂടാതെ മൺസൂൺ ടൂറിസം, ഫാം ടൂറിസം, പിൽഗ്രിമേജ് ടൂറിസം (ബത്തേരി ജൈന ക്ഷേത്രം പുരാതനമായ ക്ഷേത്രമാണ്. തിരുനെല്ലിക്ഷേത്രം, തൃശ്ശിലേരി ശിവ ക്ഷേത്രം, കോറോം പള്ളി, സീത ലവ കുശ ക്ഷേത്രം), ഹെറിറ്റേജ് ട്രയൽ (എടയ്ക്കൽ ഗുഹ, പഴശ്ശിയുടെ കല്ലറ, വയനാട് ഹെറിറ്റേജ് മ്യൂസിയം) ദില്ലി ഹാർട്ട് മാതൃക തുടങ്ങിയ തീം ടൂറിസം പദ്ധതികളും ട്രൈബൽ ആന്റ് എത്നിക് കരകൗശല വസ്തുക്കളുടെ വിപണത്തിനും കലാമേളകൾ നടത്തു ന്നതിനും അനുയോജ്യമായ ജില്ലയാണ് വയനാട്. ഇത്തരത്തിലുള്ള ടൂറിസം ഡെസ്റ്റിനേഷൻസ് വ്യാപകമായി പ്രചരിപ്പിക്കാൻ ടൂറിസം വകുപ്പ് നടപടികൾ സ്വീകരിക്കണം. വയനാടിന്റെ സവിശേഷമായ കാലാവസ്ഥ കായിക വികസനത്തിന് അനുയോജ്യമാണ്. വിനോദ സഞ്ചാര വികസനത്തിന് സഹാ

യകരമായ വിധം കായിക മേളകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്ന തിനും ശ്രമിക്കേണ്ടതാണ്. അതുപോലെ ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്ര ങ്ങൾ പ്രവർത്തിക്കുന്നത് വിവിധ വകുപ്പുകളുടെ കീഴിലാണ്. ഇവ തമ്മിലുള്ള ഏകോപനമില്ലായ്മയാണ് വയനാട്ടിലെ ടൂറിസം മേഖല നേരി ടുന്ന പ്രധാന പ്രശ്നം. ഉദാഹരണമായി പൂക്കോട് തടാകം– ഡി.ടി.പി.സി, സൂചിപ്പാറ, കാന്തൻപാറ കുറുവാദ്വീപിന്റെ ഒരു ഭാഗം – വനം വകുപ്പ്, എട യ്ക്കൽ ഗുഹയുടെ നിയന്ത്രണം– പുരാവസ്തു വകുപ്പ്, ബാണാ സുരസാഗർ– വൈദ്യുതി വകുപ്പ് എന്നിങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്. പല കേന്ദ്രങ്ങളും ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അവ യുടെ വികസന കാര്യങ്ങളിൽ ഇപ്പോഴും അവ്യക്തത തുടരുകയാണ്. ജില്ല യിലെ ഏതൊക്കെ സെന്ററുകൾ എപ്പോഴൊക്കെ അടയ്ക്കുമെന്നത് സ്ഥലം സന്ദർശിക്കുമ്പോൾ മാത്രമെ അറിയാൻ സാധിക്കുകയുള്ളൂ. ഇത് വിനോദ സഞ്ചാരികൾക്ക് ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ വയനാട് വിനോദസഞ്ചാര മേഖല വികസനത്തിനായി ജില്ലയ്ക്ക് അനുയോജ്യമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത് അനിവാര്യമാണ്. ഏത് രീതിയി ലുള്ള നിർമ്മാണ പ്രവർത്തനങ്ങളാകാം, ഏത് രീതിയിലാണ് ഡെസ്റ്റിനേഷനു കൾ ഡെവലപ്പ് ചെയ്യേണ്ടത് എന്നിവയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ഇങ്ങനെയൊരു ആശയം മുന്നോട്ടുവച്ചി രുന്നുവെങ്കിലും അത് പൂർണ്ണതയിലെത്തിയിട്ടില്ല. അതുപോലെ ഡി.ടി.പി. സി– യുടെ പ്രവർത്തനം – അവർ പ്രധാനമായും ചെയ്യേണ്ടത് ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള പദ്ധതികൾ തയ്യാറാക്കുക എന്നുള്ളതാണ്. അല്ലാതെ പഞ്ചായത്തുതലത്തിൽ ഓണാഘോഷം നടത്തിയതുകൊണ്ട് ടൂറിസ്റ്റുക ളൊന്നും വരാൻ പോകുന്നില്ല. നേരെമറിച്ച് ജില്ലയിൽ അതൊരു ആമ്പൽ

ഈവന്റാക്കി മാറ്റി അതിലേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള ക്രമീകരണങ്ങൾ ഡി.ടി.പി.സി-യുടെ ഭാഗത്തുനിന്നുണ്ടാകണം. കൂടാതെ ജില്ലയിലെ ടൂറിസം വിവരങ്ങൾ കൃത്യമായി അറിയാൻ കഴിയുന്ന രീതിയിൽ ഒരു വെബ്സൈറ്റ് തയ്യാറാക്കേണ്ടതുണ്ട്. അതുപോലെ നമുക്കേറ്റവും കൂടുതൽ കമ്മ്യൂണിക്കേറ്റ് ചെയ്യാൻ കഴിയുന്ന സോഷ്യൽ മീഡിയ ഉപയോഗപ്പെടുത്തി വയനാട് ജില്ലയിലെ ടൂറിസത്തിന് പ്രചാരവും മാർക്കറ്റും കണ്ടെത്തണം. അടിസ്ഥാന സൗകര്യ വികസനം- പ്രധാനമായും സുഗമമായ റോഡുകളുടെ ഒരു ശൃംഖല വനം നശിപ്പിക്കാതെ ചുരത്തിന് ബദലായിട്ടുള്ള പാതകളുണ്ടാക്കണം. അതുപോലെതന്നെ ടൂറിസം സർക്യൂട്ട്സ്-കർണ്ണാടക തൊട്ടടുത്തുള്ള പ്രദേശമാണ്. മൈസൂർ, നീലഗിരി, വൈൽഡ് ലൈഫ് സാംഗ്ചറി എന്നിവയുൾപ്പെടെയുള്ള ഹെറിറ്റേജ് സൈറ്റുകളുൾപ്പെടുത്തി ഒരു ടൂർ സർക്യൂട്ടാക്കി മാറ്റി, അന്യസംസ്ഥാന ഗവൺമെന്റുകളുമായി ബന്ധപ്പെട്ട് ഒരു ഡെസ്റ്റിനേഷനാക്കി മാറ്റാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുമോ എന്നുള്ളതാണ് എനിക്ക് അറിയേണ്ടത്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): സർ, കൽപ്പറ്റ അംഗം ശ്രീ. എം.വി. ശ്രേയാംസ് കുമാർ സൂചിപ്പിച്ച വയനാട് ജില്ലയിലെ വിനോദസഞ്ചാര സാധ്യതകളെ പൂർണ്ണമായി വിനിയോഗിക്കണമെന്ന അദ്ദേഹത്തിന്റെ ആവശ്യം തീർത്തും പ്രസക്തവും സംസ്ഥാന ഗവൺമെന്റ് അതിനുവേണ്ടി വളരെയേറെ കാര്യങ്ങൾ ചെയ്യുന്നതുമാണ്. അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ ഇന്ന് കേരളം ലോകത്തിനുമുമ്പിൽ ഏറ്റവും അറിയപ്പെടുന്ന ഡെസ്റ്റിനേഷനുകളിൽ ഒന്നാണെങ്കിൽപ്പോലും

തൃശ്ശൂരിനപ്പുറത്ത് നോർത്തേൺ മലബാറിൽ പ്രത്യേകിച്ച് വയനാട്, കാസർകോഡ് ജില്ലകളിൽ എത്തുന്ന സഞ്ചാരികളുടെ എണ്ണം വളരെ കുറവാണ് എന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റ് വന്നതിനുശേഷം സ്വാഭാവികമായും കാസർകോഡ് ബേക്കൽ ഉൾപ്പെടെയുള്ള പ്രദേശവും വയനാട് ജില്ലയേയും പ്രൊമോട്ട് ചെയ്യുന്നതിനുവേണ്ടി വളരെ ശക്തമായ നടപടികൾ ആരംഭിച്ചിരിക്കുകയാണ്. വയനാട് മൂന്നാർപോലെ അല്ലെങ്കിൽ ആലപ്പുഴ പോലെ ടൂറിസം സാധ്യത ഏറെയുള്ള ജില്ലയാണ്. വയനാടിന്റെ സാംസ്കാരിക പാരമ്പര്യം, ആദിമ സംസ്കാരത്തിന്റെ അവശേഷിപ്പുകൾ, ചരിത്രപരമായ സാധ്യതകൾ അതോടൊപ്പം പ്രകൃതിഭംഗിയും കാലാവസ്ഥയുമൊക്കെ ഒരുമിച്ചുചേർത്തുകൊണ്ട് കേരളത്തിലെ ഏറ്റവും നല്ല ഡെസ്റ്റിനേഷനാക്കി മാറ്റുന്നതിനുള്ള എല്ലാ സാധ്യതയും ഉണ്ടെങ്കിൽപ്പോലും ആ രീതിയിലേയ്ക്ക് വയനാട് ജില്ലയെ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് തീർച്ചയായും ആ രീതിയിൽ മലബാറിലേയ്ക്ക് ടൂറിസം മേഖലയെ കേന്ദ്രീകരിക്കുന്നതിനുവേണ്ടി, വയനാടിന് കൂടുതൽ പ്രൊമോഷൻ നല്കുന്നതിനുവേണ്ട നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും എന്ന് സൂചിപ്പിക്കുകയാണ്. അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് ഇന്ത്യയിലെതന്നെ ഏറ്റവും നല്ല വെബ്സൈറ്റുകളിലൊന്നാണ്. കഴിഞ്ഞ വർഷം 5 അവാർഡുകളാണ് ഐ.റ്റി സെക്ടറിലെ പ്രവർത്തനത്തിന് കേരളത്തിന് ലഭിച്ചത്. ഇപ്പോൾ വെബ്സൈറ്റിൽ വയനാടിനെക്കുറിച്ച് ഏറ്റവും നന്നായി പ്രചരണങ്ങൾ നടത്തുന്നുണ്ട്. അതോടൊപ്പംതന്നെ ഈ ഗവൺമെന്റ് വന്നതിനുശേഷം വയനാട് ടൂറിസത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു

വേണ്ടി ഒട്ടനവധി പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. പഴശ്ശിരാജ സ്മാരക സൗന്ദര്യവത്ക്കരണം, പൂക്കോട് തടാകത്തിന്റെ നവീകരണം, കബനി തീരത്തിലെ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണം, കാരാപ്പുഴ ടൂറിസം വികസനം, മണിച്ചിറയുടെ വികസനം, കരലാട് തടാകത്തിൽ അഡ്വഞ്ചർ ടൂറിസം, ബാണാസുരസാഗർ വികസനം, മുത്തങ്ങ വികസനം, കൽപ്പറ്റയിലെ മോഡേൺ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, ഇടയ്ക്കൽ ഗുഹയുടെ വികസനം, അമ്പലവയൽ ഹെറിറ്റേജ് മ്യൂസിയത്തിന്റെ വികസനം, വൈത്തിരിയിലെ മലിനീകരണ നിയന്ത്രണ പ്ലാന്റ്, സുൽത്താൻ ബത്തേരി ടൗൺസ്ക്വയർ വികസനം, സുൽത്താൻ ബത്തേരി ഗസ്റ്റ്ഹൗസ് നിർമ്മാണം, കമ്പമലയിലെ ഇക്കോ-ടൂറിസം വികസനം - ഇങ്ങനെ വൈവിദ്ധ്യമാർന്ന പദ്ധതികൾ നമ്മൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതിലേറ്റവും പ്രധാനം കാരാപ്പുഴയിൽ 5 കോടിരൂപ അനുവദിച്ചു കഴിഞ്ഞതാണ്. ഞാനും ബഹു. ജലവിഭവ വകുപ്പുമന്ത്രിയും ചേർന്ന് തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ച് അവിടെ ഒരു മീറ്റിംഗ് നടത്തിയിരുന്നു. 5 കോടി രൂപയുടെ പ്രവൃത്തി ഈ മാസം തന്നെ തുടങ്ങാൻ കഴിയും. കാരാപ്പുഴ വികസനത്തിനുവേണ്ടി ഏതാണ്ട് 10 കോടിരൂപകൂടി ഗവൺമെന്റ് അനുവദിക്കും. കൂടാതെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു. മാസ്റ്റർ പ്ലാൻ ഇതിനകം തയ്യാറാക്കിക്കഴിഞ്ഞു. ഇപ്പോൾ കരട് പ്ലാൻ ആണ് ഉണ്ടാക്കിയിട്ടുള്ളത്. അന്തിമരൂപം ജനപ്രതിനിധികളും ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുമായി ചർച്ചചെയ്തുകൊണ്ട് ഫൈനൽ മാസ്റ്റർ പ്ലാൻ ഉണ്ടാക്കും. അതുകൊണ്ടു തന്നെ ഈ ഗവൺമെന്റ് മാസ്റ്റർ പ്ലാൻ ഉണ്ടാക്കിക്കഴിഞ്ഞാൽ ഇപ്പോൾ നടപ്പാക്കുന്ന ഈ പദ്ധതികൾകൂടി സമന്വയിപ്പിച്ചുകൊണ്ട് കേരളത്തിൽ വയനാടി

നെക്കൂടി ഏറ്റവും നല്ല ഡെസ്റ്റിനേഷനാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നട പടിയുണ്ടാകും എന്നറിയിക്കുകയാണ്.

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: സർ, ടൂറിസം വികസനത്തിന്റെ ഭാഗ മായുള്ള പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാനുള്ള സംവിധാനമില്ല. പ്രത്യേ കിച്ച് എങ്ങനെയാണ് ഒരു ഡെസ്റ്റിനേഷൻ കൊണ്ടുവരേണ്ടത്, എന്തെല്ലാം ഫെസിലിറ്റീസാണ് വേണ്ടത്, എങ്ങനെ മാനേജ് ചെയ്യാം എന്നുള്ളതിനെക്കു റിച്ചുള്ള ശരിയായ ധാരണ അവിടെയില്ല. അതിനുവേണ്ടി ടൂറിസം വികസന ത്തിന്റെ മോണിട്ടറിംഗുമായി ബന്ധപ്പെട്ട് ഒരു ടൂറിസം ഉപദേശക സമിതി, അതിൽ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും മാത്രമല്ല ഈ മേഖലയുമായി ബന്ധപ്പെടുന്ന കൂടുതൽ വിഷനുള്ള എക്സ്പെർട്ടായിട്ടുള്ള ആളുകളെക്കൂടി ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് വയനാടിലെ മൊത്തം ടൂറിസം വികസ നത്തെക്കുറിച്ച് ആലോചന നടത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ.പി. അനിൽകുമാർ: സർ, ഇപ്പോൾ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റിയാണുള്ളത്. പക്ഷെ വയനാടിന്റെ പ്രത്യേക സാഹചര്യം കണ ക്കിലെടുത്ത്, ഇത്രയും സാധ്യതകളുണ്ടായിട്ടും ടൂറിസം മേഖലയിൽ വേണ്ടത്ര മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യം മുൻനിർത്തി ബഹു. അംഗം സൂചിപ്പിച്ചതുപോലെ വയനാട് ടൂറിസം മേഖലയിൽ ഒരു ഉപദേശക സമിതി രൂപീകരിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

## (2) ഭവന നിർമ്മാണ അനിശ്ചിതത്വം

ശ്രീ. ഇ.പി. ജയരാജൻ: സർ, നമ്മുടെ സംസ്ഥാനത്തെ ഏതാണ്ട് ഒരു ലക്ഷത്തോളം ഭവനരഹിതരായ ആളുകൾ അനുഭവിക്കുന്ന അതീവ ഗൗരവ മുള്ള വിഷയമാണ് ഞാൻ സഭയുടെ മുമ്പാകെ ഉന്നയിക്കാൻ ആഗ്രഹിക്കു

ന്നത്. നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റിന്റെ കണക്കുകൾ പ്രകാരം 12-ാം പഞ്ചവത്സര പദ്ധതിയുടെ കാലയളവിൽ ഏതാണ് 12 ലക്ഷം ഭവനരഹിതരുണ്ട് എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇതിൽ ഏതാണ്ട് 60% പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ദുർബ്ബല ജനവിഭാഗങ്ങളാണ്. വളരെയധികം സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ദരിദ്ര ജനവിഭാഗങ്ങളാണവർ. ഇത്തരം ദുർബ്ബല ജനവിഭാഗങ്ങൾക്കായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ബൃഹത്തായ ഒരു പദ്ധതിയാണ് 'ഇന്ദിര ആവാസ് യോജന'. ഇപ്പോൾ 'ഇന്ദിര ആവാസ് യോജന' കടുത്ത അനിശ്ചിതത്വത്തിലാണ്. ഏതാണ്ട് 'ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി'-യുടെ സ്ഥിതിതന്നെയാണ് 'ഇന്ദിര ആവാസ് യോജന'പദ്ധതിക്കുമുള്ളത്. ഇതിന്റെ ഫലമായി ഭവനരഹിതരായിട്ടുള്ള നിരാലംബരായ ദുർബ്ബല ജനവിഭാഗങ്ങൾ കടുത്ത ആശങ്കയിലാണ്. 2012-13 സാമ്പത്തിക വർഷത്തിൽ 59,620 ഭവനരഹിതരായിട്ടുള്ള ഗുണഭോക്താക്കളെയാണ് ഇന്ദിര ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഉൾപ്പെടുത്തുന്നതുതന്നെ കേന്ദ്ര-ഗ്രാമ വികസന മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം, അവർ നിർദ്ദേശിക്കുന്ന നോംസനുസരിച്ച് ബ്ലോക്ക് പഞ്ചായത്തുകളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ നിർവ്വഹണ ഏജൻസിയെന്ന് പറയുന്നത് ബ്ലോക്ക് പഞ്ചായത്താണ്. ഇതിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവരിൽനിന്നും മുൻഗണനയനുസരിച്ച് ഗ്രാമസഭകളാണ്. ഈ പദ്ധതി പ്രകാരം 48,500 രൂപയാണ് കേന്ദ്ര ഗവൺമെന്റ് ഒരു ഭവനത്തിന് നൽകുന്നത്. ഈ സ്കീമിൽ കേന്ദ്ര ഗവൺമെന്റ് നൽകുന്ന ഈ

48,500 രൂപ വളരെ തുച്ഛമായ സംഖ്യയാണെന്നുള്ളത് എല്ലാവർക്കും അറിയാം. അതുകൊണ്ട് 75 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സംസ്ഥാനവിഹിതവുമായാണ് ഈ പദ്ധതി ചെലവിടേണ്ടത്. കേരളത്തിന്റെ പ്രത്യേക സ്ഥിതിയനുസരിച്ച്, ഈ തുകകൊണ്ട് വീട് നിർമ്മാണം സാധ്യ മല്ലായെന്ന കാര്യം പരിഗണിച്ചു കൊണ്ടാണ് ഇതിൽ ചെറിയ മാറ്റങ്ങൾ വരുത്തിയത്. നേരത്തെയുണ്ടായിരുന്ന വ്യവസ്ഥയനുസരിച്ച് പട്ടികജാതി-പട്ടി കവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ ധനസഹായമെന്ന് പറയുന്നത് ഒന്നേകാൽ ലക്ഷം രൂപയാണ്. അത് രണ്ടര ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ സഹായം ഒരു ലക്ഷം രൂപയിൽനിന്ന് രണ്ടുലക്ഷം രൂപയായും ജനറൽ വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ സഹായം രണ്ടുലക്ഷം രൂപയായും വർദ്ധിപ്പിച്ചു. ഇങ്ങനെ ഗവൺമെന്റ് ഭവന നിർമ്മാണവായ്പ വർദ്ധിപ്പിച്ചുവെങ്കിലും വീട് നിർമ്മിക്കു ന്നതിനുവേണ്ടിയുള്ള ബാധ്യത വരുമ്പോൾ ഈ ബാധ്യത നിർവ്വഹിക്കണം. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന സഹായങ്ങൾ കൊണ്ടുമാത്രം നിർവ്വഹി ക്കാൻ സാധിക്കില്ല. അതിന്റെ നിബന്ധനയനുസരിച്ച് ബാക്കി വരുന്ന സഹായ ങ്ങൾ സർക്കാർ സഹായിച്ചുകൊണ്ടുള്ള സംവിധാനമുണ്ടാകണം. 18-19-2012-ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം തുകയുടെ അധികബാധ്യത വരുന്നത് ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് വ്യക്തമാക്കിയിരുന്നു. 2011-12-ലേയും 2012-13-ലേയും ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയും ഇന്ദിരാ ആവാസ് യോജന പദ്ധതിയും ചേർന്ന് ഏതാണ്ട് ഒരു ലക്ഷത്തോളം വരുന്ന ഗുണഭോക്താക്കൾക്ക് സഹായം നൽകാ മെന്ന് ഗവൺമെന്റ് വ്യക്തമാക്കി. അതിന് ഗവൺമെന്റ് നിർദ്ദേശിച്ചത്

ഹഡ്കോയിൽ നിന്ന് വായ്പ വാങ്ങാനാണ്. അത് ഹൗസിംഗ് ബോർഡിനെ ഏൽപ്പിച്ചു. 600 കോടി രൂപ വായ്പയെടുത്ത് 400 കോടി രൂപ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിക്കും 200 കോടി രൂപ ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽപ്പെട്ട ഭവനരഹിതർക്ക് കൊടുക്കാനുമാണ് നിർദ്ദേശിച്ചത്. ഇതിന്റെയടിസ്ഥാനത്തിൽ പാവപ്പെട്ട ജനങ്ങൾ പ്രതീക്ഷയർപ്പിച്ചുകൊണ്ട് ഉള്ള പുരയൊക്കെ പൊളിച്ചുമാറ്റി അവർ വീട് നിർമ്മാണ രംഗത്തേയ്ക്ക് വന്നു. അവരെല്ലാം ഇന്ന് അങ്ങേയറ്റത്തെ നിരാശയിലാണ്. ഇതിലെ ഒരു പ്രധാനപ്പെട്ട പ്രശ്നം, ഈ പദ്ധതിയുടെ കാലാവധി ഇപ്പോൾ തീരാറായി. ഗവൺമെന്റ് നേരത്തെ നൽകിയിട്ടുള്ള വാഗ്ദാനങ്ങളിൽ നിന്ന് പിന്നോട്ടുപോയിരിക്കുകയാണ്. ഗവൺമെന്റ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്, ഇതിനുവേണ്ടി വരുന്ന ചിലവുകളും അതിന്റെ ബാധ്യതകളും - കേന്ദ്ര ഗവൺമെന്റ് നൽകുന്ന കാര്യങ്ങളിൽ നിന്ന് ബാക്കിവരുന്നത് - എസ്.സി.പി./ടി.എസ്.പി. പദ്ധതിയിൽ നിന്ന് ബാക്കിവരുന്ന പണമെടുക്കണമെന്ന് ആദ്യം ഗവൺമെന്റ് നിശ്ചയിച്ചു. അങ്ങനെ വന്നപ്പോൾ ആ പണമെടുത്താൽ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് അവരുടെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് ഉണ്ടാകില്ല, ആ പണം കൊണ്ടുപോലും ഇത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർവ്വഹിക്കാൻ സാധിക്കില്ല. അങ്ങനെ വന്നപ്പോൾ, ഇപ്പോൾ ഹഡ്കോ പറയുന്നത് 600 കോടി രൂപ വായ്പ കൊടുക്കാൻ സാധിക്കില്ലെന്നും ഹൗസിംഗ് ബോർഡ് പറയുന്നത് ഈ വായ്പ എടുക്കാൻ സാധിക്കില്ലായെന്നുമാണ്. ഈ വായ്പാ പദ്ധതി പൂർണ്ണമായും ഇല്ലാതായി. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് വിഹിതമായ 48,500 രൂപ കൊടുക്കും, ബാക്കി വരുന്ന പണം കൊടുക്കാൻ ആളില്ല. അങ്ങനെ വന്നപ്പോൾ സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള

രണ്ട് സർക്കുലർ പ്രകാരം ഗവൺമെന്റ് പറഞ്ഞിരിക്കുന്നത്, ഇത് സഹകരണ സംഘങ്ങളിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ) സഹകരണ സ്ഥാപനങ്ങളിൽ നിന്ന് ജില്ലാ ബാങ്കുകൾ, പ്രൈമറി ബാങ്കുകൾ, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നീ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് ഈ കാര്യം നിർവ്വഹിക്കണമെന്നാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഇങ്ങനെ വായ്പ കൊടുക്കണമെന്ന് പറഞ്ഞാൽ വായ്പ കൊടുക്കാൻ സഹകരണ സ്ഥാപനത്തിന്റെ കൈവശം പണമില്ല. ഇപ്പോൾ അതിന്റെ 10.75 ശതമാനം പലിശ ഗവൺമെന്റ് വഹിക്കാമെന്നാണ് പറയുന്നത്. ഈ പലിശ കൊടുത്താലും വീട് നിർമ്മിക്കാനുള്ള പണമെവിടേ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് ഇത് പൂർത്തീകരിക്കാനും സാധിക്കില്ല. ഇപ്പോൾ സഹകരണ സ്ഥാപനങ്ങൾ വായ്പ കൊടുക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പയെടുക്കാനുള്ള സാധ്യതയുമില്ല. ചുരുക്കത്തിൽ ഇന്ദിരാ ആവാസ് യോജനാപദ്ധതി പ്രകാരം രണ്ടുരണ്ടര ലക്ഷം രൂപ ഗൃഹനിർമ്മാണത്തിനു കൊടുക്കുമെന്ന് ഗവൺമെന്റ് പറയുകയും ഉത്തരവ് ഇറക്കുകയും ചെയ്തി ട്ടുള്ള ഈ പദ്ധതി തകർന്നിരിക്കുകയാണ്. ഇതിനുവേണ്ടി ഒരു തരത്തിലുള്ള സാമ്പത്തിക സഹായങ്ങളും പാവപ്പെട്ടവർക്ക് ലഭിക്കുന്നില്ല. അടിയന്തര മായും ഈ കാര്യത്തിൽ ഗവൺമെന്റ് ഇടപെട്ട് ഇതിനാവശ്യമായ സഹായം കൊടുക്കുകയും പണം കൊടുത്ത് ഈ പദ്ധതി പൂർത്തീകരിക്കുന്നതിനു വേണ്ടി പാവപ്പെട്ട ജനങ്ങൾക്ക് ഭവനം നിർമ്മിച്ച് കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, ബഹുമാനപ്പെട്ട ഇ.പി. ജയരാജന്റെ പ്രസംഗത്തിന്റെ ആദ്യഭാഗം ശരിയും രണ്ടാം ഭാഗം വസ്തുനിഷ്ഠമായി ശരിയുമല്ല. 'ഇന്ദിരാ ആവാസ് യോജന' പദ്ധതിയിൽ നേരത്തെ പൊതുവിഭാഗത്തിന് 75,000 രൂപയും എസ്.സി. വിഭാഗങ്ങൾക്ക് ഒരു ലക്ഷം രൂപയും എസ്.ടി. വിഭാഗങ്ങൾക്ക് ഒന്നേകാൽ ലക്ഷം രൂപയുമായിരുന്നത് ഈ ഗവൺമെന്റാണ് ആ തുക വർദ്ധിപ്പിച്ച് പൊതു വിഭാഗത്തിനും എസ്.സി വിഭാഗത്തിനും രണ്ടു ലക്ഷം രൂപയും എസ്.ടി വിഭാഗത്തിന് രണ്ടര ലക്ഷം രൂപയും ആയി വർദ്ധിപ്പിച്ചത്. അങ്ങനെ വന്നപ്പോൾ 15-09-2011-ൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ ചെലവഴിക്കാത്ത തുകയുണ്ടെങ്കിൽ ആ തുക ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള കെട്ടിടനിർമ്മാണത്തിന് ചെലവഴിക്കാമെന്നാണ് അന്ന് തീരുമാനിച്ചിരുന്നത്. രണ്ടാമത്, ഈ രണ്ടര ലക്ഷം രൂപയിൽ 75000 രൂപ സംസ്ഥാന സർക്കാർ കൊടുക്കുമെന്ന് 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ചു. ആദ്യമുണ്ടായിരുന്ന 75,000 രൂപയിൽ 48,500 രൂപ കേന്ദ്ര വിഹിതമാണ്. അതിൽ 75 ശതമാനം കേന്ദ്ര സർക്കാരും 25 ശതമാനം സംസ്ഥാന ഗവൺമെന്റുമാണ് വഹിക്കുന്നത്. അങ്ങനെ പ്ലാൻ ഫണ്ടിൽ നിന്ന് ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിലാണ് തുക കണ്ടെത്തേണ്ടിയിരുന്നത്. മേൽപ്പറഞ്ഞ വർദ്ധനവിന്റെ ആനുപാതികമായി ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് തുക കണ്ടെത്താൻ സാധിച്ചില്ല.

എന്നതിനാൽ 2012-13 വർഷത്തിൽ ഒരു വീടിന് 75,000 രൂപവീതം സംസ്ഥാന സർക്കാർ അധികമായി കൊടുക്കാൻ തീരുമാനിച്ചു. അതിനു വേണ്ടി ബഡ്ജറ്റ് വിഹിതത്തിനു പുറമെ 100 കോടി രൂപ മാറ്റിവച്ചെങ്കിലും തുക തികയാതെ വന്നതിനാലാണ് ഹഡ്കോയെ സമീപിച്ചത്. ഹഡ്കോ വായ്പ കൊടുക്കാൻ തടസ്സം പറഞ്ഞു. ഇപ്പോൾ പ്രാഥമികമായി എല്ലാ നടപടികളും പൂർത്തിയായി. ഗ്രാമ–ബ്ലോക്ക്–ജില്ലാ പഞ്ചായത്തുകൾക്ക് അവരുടെ മേഖലയിലുള്ള സർവ്വീസ് ബാങ്കുകളിൽനിന്നും വായ്പയെടുക്കാനുള്ള അനുവാദം കൊടുത്തു. ആ വായ്പയെടുക്കുമ്പോൾ ഗവൺമെന്റ് വിഹിതമായ 75,000 രൂപയും അതിന്റെ പലിശയും സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്നതാണ്. ആ ബാധ്യത പഞ്ചായത്ത് വഹിക്കേണ്ട. സംസ്ഥാന ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ 75,000 രൂപയാണ്. ആ തുകയും പലിശയും ഗവൺമെന്റ് വഹിക്കുന്നതാണ്. വായ്പ ലഭിക്കാൻ പ്രയാസമുണ്ടായപ്പോൾ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഇടപെട്ട് നിർദ്ദേശം കൊടുക്കുകയും അതനുസരിച്ച് ആവശ്യമായ തുക സഹകരണ ബാങ്കിന് വായ്പ കൊടുക്കുകയും ചെയ്യും. തുക വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റാണ്. കാരണം ഒരു വീട് നിർമ്മിക്കാൻ 75,000 രൂപ അപര്യാപ്തമാണ്. കൂലിച്ചെലവ് കൂടുകയും മെറ്റീരിയൽസിന്റെ വിലയിൽ വർദ്ധനവുണ്ടാവുകയും ചെയ്തു. ഈ തുക വർദ്ധിപ്പിച്ചപ്പോഴാണ് "ഇന്ദിര ആവാസ് യോജന" പദ്ധതിക്കാണെങ്കിലും 'ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി'ക്കാണെങ്കിലും ആവശ്യക്കാർ ഉണ്ടാകുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയുള്ള യാതൊരു പ്രയാസവുമില്ല. സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾ സഹകരണ

ബാങ്ക് വഴി എടുക്കുന്ന വായ്പയ്ക്ക് 11.5 ശതമാനം പലിശയാണ് ഈടാക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകൾ 2012-13-ലെ പ്ലാൻ ഫണ്ടിൽ ചെലവഴിക്കാത്ത 2516 കോടി രൂപയിൽ ഒരു ലക്ഷം രൂപ അധികസഹായമായി മാറ്റി വച്ച് ചെലവഴിക്കുന്നുണ്ട്. അതുപോലെ തദ്ദേശസ്വയംഭരണ വകുപ്പ്, ഗ്രാമ വികസന വകുപ്പ് മുതലായവ 31-03-2013-ന് മുമ്പായി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ നിന്നും സറണ്ടർ ചെയ്ത 7995 ലക്ഷം രൂപയും ഇതിലേയ്ക്കായി കമ്മീഷൻ മുഖേന മാറ്റി ചെലവഴിക്കുന്നുണ്ട്. അതിൽ ഒരു ആശങ്കയും വേണ്ട, ആവശ്യമായ പണം ലഭ്യമാക്കും. സഹകരണ ബാങ്കുകളിൽ വായ്പ കൊടുക്കാൻ നിക്ഷേപങ്ങളുണ്ട്. അതുകൊണ്ട് ഒരു പ്രയാസവുമില്ലാതെ ഇത് പൂർത്തിയാക്കാൻ സാധിക്കുമെന്ന് ഞാൻ ഉറപ്പ് നൽകുകയാണ്.

ശ്രീ. ഇ.പി. ജയരാജൻ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽനിന്ന് ഇന്ദിരാ ആവാസ് യോജന പദ്ധതിയിലേയ്ക്കുള്ള ഭവന നിർമ്മാണത്തിന്റെ വായ്പ കൊടുത്താൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈയിൽ വികസനത്തിനോ മറ്റ് പ്രവൃത്തികൾക്കോ അവരുടെ പ്ലാനിനോ പണമില്ലാതായിത്തീരുന്നു. അതുകൊണ്ടാണ് ഗവൺമെന്റ് അത് മാറ്റി ചിന്തിക്കാൻ തീരുമാനിച്ചത്. ഏതായാലും സഹകരണ സ്ഥാപനങ്ങളിൽനിന്ന് കൊടുക്കാനുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ടെന്ന് ഗവൺമെന്റ് പറയുന്നു, ഉത്തരവിറക്കിയിട്ടുമുണ്ട്. പക്ഷേ സഹകരണ സ്ഥാപനങ്ങളുടെ കൈവശം പണമില്ലാത്തതിനാൽ കൊടുക്കാൻ സാധിക്കില്ല. നിങ്ങൾ യോഗം ചേർന്ന് തീരുമാനിക്കുന്നതിലൊന്നും എനിക്ക് വിരോധമില്ല. മെയ്

മാസത്തോടുകൂടിയെങ്കിലും കൊടുക്കുമെന്ന് അങ്ങ് സഭയ്ക്ക് ഉറപ്പ് നൽകുമോ യെന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. കെ.സി. ജോസഫ്: സർ, തീർച്ചയായും മെയ് മാസം ഇതിന്റെ അടുത്ത ഗഡു നൽകുന്നതായിരിക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്ന് ലിസ്റ്റ് ചെയ്തിട്ടുള്ള റൂൾ 304 പ്രകാരമുള്ള സബ്മിഷനുകൾ അംഗങ്ങൾ സഭയിൽ അവതരിപ്പിച്ച് അതിന് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുന്നതിനുപകരം അവർക്കുള്ള മറുപടി അതാത് മെമ്പർമാർക്ക് അയച്ചുകൊടുത്തുകൊള്ളാമെന്നുള്ള നിർദ്ദേശം വയ്ക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി: മറുപടി ഞങ്ങൾക്ക് നേരിട്ട് തന്നാൽ മതി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നേരിട്ടുതന്നാൽ മതിയോ?

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങനെ വേണമെങ്കിൽ അങ്ങനെ ചെയ്യാം.

മി. സ്പീക്കർ: ഇന്ന് സമയപരിമിതിമൂലമാണ് ഇങ്ങനെ ചെയ്യേണ്ടി വന്നത്. നിയമസഭാംഗങ്ങൾക്കുള്ള വിഷമവും, ബുദ്ധിമുട്ടും, ഞാനിപ്പോൾ സ്പീക്കറാണെങ്കിലും നിയമസഭാംഗമായിരുന്ന ആളായതിനാൽ എനിക്കറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റെല്ലാവരും ആ വിഷമം അറിഞ്ഞു കൊണ്ടുതന്നെ സഹകരിച്ചതിന് നന്ദിയുണ്ട്. കാരണം 55 സബ്മിഷനുകളുണ്ട്. ഓരോന്നിനും 5 മിനിട്ടെടുത്താൽത്തന്നെ എത്ര മണിക്കൂറുകൾ വേണ്ടി വരുമെന്ന് നമുക്കറിയാം. ഏതായാലും അംഗങ്ങളുടെ താൽപ്പര്യമനുസരിച്ച് അംഗങ്ങൾക്കുതന്നെ മറുപടി നേരിട്ടെത്തിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഉറപ്പ് നൽകിയിട്ടുണ്ട്.